## 3.
## അക്ഷരങ്ങളുടെ വർഗം

അക്ഷരവർഗങ്ങൾ എട്ടെണ്ണമാകുന്നു. അവ താഴെ:

### *1. ഖൽഖലത്തിൻെറ അക്ഷരങ്ങൾ.*

ق ،ط ،د ،ج ،ب എന്നിവയാണ് ഖൽഖലത്തിൻെറ അക്ഷരങ്ങൾ. ഉച്ചരിക്കുമ്പോൾ സുകൂനോടു കൂടി നിർത്തപ്പെടുകയും കവിഞ്ഞ മുഴക്കത്തോടു കൂടി നിർത്തപ്പെടുകയും ചെയ്യുന്നവയാണ് ഇവ. ഉദാഹരണം: وَتَبْ ഇവിടെയുള്ള ബ്ബ് എന്ന അക്ഷരം സുകൂനോടു കൂടിയുള്ളതും നിർത്തുമ്പോൾ മുഴക്കത്തോടുകൂടി നിർത്തുന്നതുമാകുന്നു. ഇതുതന്നെയാണ് ഈ ഗ്രൂപ്പിലെ മറ്റെല്ലാ അക്ഷരങ്ങളുടെയും നിയമം.

### *2. ഗുന്നതിൻെറ അക്ഷരങ്ങൾ*

അവ ശദ്ദുള്ള ن ،م എന്നിവയാകുന്നു. ഈ അക്ഷരങ്ങളുടെ ഉച്ചാരണത്തിൽ തരിമൂക്കും പങ്ക് ചേരുന്നു. മറ്റു അക്ഷരങ്ങൾക്കില്ലാത്ത വിധം പല ഘട്ടങ്ങളിലും ഇവ മണിക്കുകയും വേണം.

### *3. ഇഖ്ഫാഇൻെറ അക്ഷരങ്ങൾ*

താഴെ പറയുന്ന അറ്ററങ്ങളെയാണ് ഇഖ്ഫാഇൻെറ അക്ഷരങ്ങൾ കൊണ്ടുദ്ദേശിക്കുന്നത് ،ت ك ،ق ،ف ،ظ ،ط ،ض ،ص ،ش ،س ،ز ،ذ ،د ،ج ،ث

### *4. ഹംസിൻെറ അക്ഷരങ്ങൾ*

ഉച്ചരിക്കുമ്പോൾ ലഘുവായതും ശബ്ദം പതിഞ്ഞതുമായ ചില അക്ഷരങ്ങളുണ്ട്. അവ: ـه ،ك ،ف ،ص ،س ،خ ،ح ،ث ،ت എന്നിവയാകുന്നു. അവയെ ഹൽഖിയായ അക്ഷരം ഉച്ചരിക്കുന്നതുപോലെ ഉച്ചരിക്കാവതല്ല.

### *5. ഇസ്ത്വാലത്തിൻെറ അക്ഷരങ്ങൾ*

ഇസ്ത്വാലത്തിൻെറ അക്ഷരം ض മാത്രമാണ്. അത് ഉച്ചരിക്കുമ്പോൾ ശബ്ദവും ശക്തിയും ആവശ്യമാണ്. അതിനാലാണ് ഈ അക്ഷരത്തിന് ഇസ്ത്വാലത്ത് എന്ന് നാമകരണം ചെയ്തത്.

### *6. ഇസ്തിഅ്ലയുടെ അക്ഷരം*

അവ: ق ،ف ،غ ،ظ ،ط ،ض ،ص ،خ എന്നിവയാകുന്നു. ഇവയെ ഓർമിക്കുവാൻ خص ضغط قظ എന്ന പദം ഓർക്കുന്നത് നല്ലതാകുന്നു. ഇവയുടെ ഉച്ചാരണത്തിൽ ശക്തിയും ശബ്ദവും ആവശ്യമാണ്.

### *7 തഫശിയായ അക്ഷരം*

ش എന്ന അക്ഷരമാണിത്. ഉച്ചരിക്കുമ്പോൾ ചിതറുന്ന രീതിയിലുള്ള ശബ്ദമുള്ളതിനാലാണ് ഇതിന് തഫശി എന്ന് പേർ വന്നത്.

### *8 സ്വഫീറിൻെറ അക്ഷരങ്ങൾ*

ص ،س ، ز എന്നിവയാകുന്നു സ്വഫീറിൻെറ അക്ഷരങ്ങൾ. സ്വരത്തിൽ ചൂളംവിളിയോട് സാമ്യമുള്ളതിനാലാണ് ഇവ സ്വഫീർ എന്ന പേരിൽ അറിയപ്പെടുന്നത്.